# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2020 ഫെബ്രുവരി 10

# വാർത്താക്കുറിപ്പ്

## സെനറ്റ് തെരഞ്ഞെടുപ്പ് മാർച്ച് 10ന്

മഹാത്മാ ഗാന്ധി സർവകലാശാല മാർച്ച് ഒൻപതിന് നടത്താൻ നിശ്ചയിച്ചിരുന്ന സെനറ്റ് തെരഞ്ഞെടുപ്പ് മാർച്ച് 10ലേക്ക് മാറ്റിവച്ചു. തെരഞ്ഞെടുപ്പ് സമയക്രമ പട്ടികയിലെ മറ്റു തീയതികളിൽ മാറ്റമില്ല.

(പി.ആർ.ഒ/39/202/2020)

## എം.ഫിൽ കമ്പ്യൂട്ടർ സയൻസ്; പ്രവേശന പരീക്ഷയും അഭിമുഖവും 17ന്

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസിൽ എം.ഫിൽ കമ്പ്യൂട്ടർ സയൻസ് പ്രവേശനത്തിന് അപേക്ഷിച്ചവർക്കുള്ള പ്രവേശനപരീക്ഷയും അഭിമുഖവും ഫെബ്രുവരി 17ന് നടക്കും. രാവിലെ 10ന് സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസിലാണ് പരീക്ഷ. അപേക്ഷകർ ഹാൾടിക്കറ്റിനൊപ്പം അസൽ സർട്ടിഫിക്കറ്റുകൾ, മാർക്ക് ലിസ്റ്റുകൾ ഹാജരാക്കണം. വിശദവിവരത്തിന് ഫോൺ: 0481-2731037.

(പി.ആർ.ഒ/39/203/2020)

## സ്കൂൾ വിദ്യാർഥികൾക്കായി ജില്ലാതല ക്വിസ് മത്സരം

മഹാത്മാ ഗാന്ധിയുടെ 150-ാം ജന്മവാർഷികാഘോഷവുമായി ബന്ധപ്പെട്ട് മഹാത്മാ ഗാന്ധി സർവകലാശാല സെന്റർ ഫോർ യോഗ ആന്റ് നാച്ചുറോപ്പതിയും ആനിക്കാട് ഗവൺമെന്റ് യു.പി. സ്കൂളും സംയുക്തമായി സ്കൂൾ വിദ്യാർഥികൾക്കായി ജില്ലാതല ക്വിസ് മത്സരം നടത്തുന്നു. ' മഹാത്മാ ഗാന്ധിയുടെ ജീവിതവും നേട്ടങ്ങളും' എന്ന വിഷയത്തിലാണ് മത്സരം. ഫെബ്രുവരി 15ന് രാവിലെ 10ന് പള്ളിക്കത്തോട് ആനിക്കാട് ഗവൺമെന്റ് യു.പി. സ്കൂളിൽ നടക്കുന്ന മത്സരത്തിൽ കോട്ടയം ജില്ലയിലെ ഹൈസ്കൂൾ, യു.പി. വിഭാഗം വിദ്യാർഥികൾക്ക് പങ്കെടുക്കാം. ഒരു സ്കൂളിൽ നിന്ന് രണ്ടുപേർക്കാണ് അവസരം. സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രം സഹിതം എത്തണം. വിജയികൾക്ക് ക്യാഷ് അവാർഡും പ്രശസ്തിപത്രവും ലഭിക്കും. പങ്കെടുക്കാൻ താല്പര്യമുള്ളവർ cyn.mgu@gmail.com എന്ന ഇമെയിൽ വിലാസത്തിൽ പേര് വിവരങ്ങൾ ഫെബ്രുവരി 13നകം നൽകണം. വിശദവിവരത്തിന് ഫോൺ: 9847527483, 9562005479.

(പി.ആർ.ഒ/39/204/2020)

## പരീക്ഷ ഫലം

2019 നവംബറിൽ സ്കൂൾ ഓഫ് കെമിക്കൽ സയൻസസിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എസ്‌സി. കെമിസ്ട്രി (ഇനോർഗാനിക്, ഓർഗാനിക്, ഫിസിക്കൽ, പോളിമർ - റെഗുലർ ആന്റ് സപ്ലിമെന്ററി - സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/205/2020)

## രസതന്ത്രത്തിലെ നവമുന്നേറ്റങ്ങൾ; ദ്വിദിന ദേശീയ കോൺഫറൻസ് സമാപിച്ചു

രസതന്ത്രത്തിലെ നവമുന്നേറ്റങ്ങളെക്കുറിച്ചുള്ള ദ്വിദിന ദേശീയ കോൺഫറൻസ് സമാപിച്ചു മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ ഉദ്ഘാടനം നിർവഹിച്ചു. സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് ഡയറക്ടർ പ്രൊഫ. ബീന മാത്യു അധ്യക്ഷത വഹിച്ചു. സിൻഡിക്കേറ്റംഗം

എസ്. അനസ്, ഡോ. കെ.ബി. സുബില എന്നിവർ പ്രസംഗിച്ചു. സി.എസ്.ഐ.ആർ. ദേശീയ കെമിക്കൽ ലബോറട്ടറിയിലെ ഡോ. വിനോദ് സി. പ്രഭാകരൻ, മദ്രാസ് ഐ.ഐ.ടി.യിലെ ഡോ. കെ.എം. മുരളീധരൻ, ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആന്റ് ടെക്നോളജിയിലെ ഡോ. റോയ് ജോസഫ്, ബംഗളൂരു ജവഹർലാൽ നെഹ്റു സെന്റർ ഫോർ അഡ്വാൻസ്ഡ് സയന്റിഫിക് റിസർച്ചിലെ ഡോ. സുബി ജേക്കബ് ജോർജ്, ഐ.എസ്.ആർ.ഒ.യിലെ ഡോ. ബെന്നി കെ. ജോർജ്, കോഴിക്കോട് എൻ.ഐ.ടി.യിലെ ഡോ. എൻ. സന്ധ്യ റാണി, ഡോ. വിപിൻ ഐപ് തോമസ് എന്നിവർ വിവിധ വിഷയങ്ങളിൽ പ്രബന്ധമവതരിപ്പിച്ചു. കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ ഡി.എസ്.ടി. - പഴ്സ് ഫേസ് 2 സഹകരണത്തോടെ സ്കൂൾ ഓഫ് കെമിക്കൽ സയൻസസാണ് ദേശീയ കോൺഫറൻസ് സംഘടിപ്പിച്ചത്.

## ഫോട്ടോ ക്യാപ്ഷൻ

**രസതന്ത്രത്തിലെ നവമുന്നേറ്റങ്ങളെക്കുറിച്ച് സ്കൂൾ ഓഫ് കെമിക്കൽ സയൻസ് മഹാത്മാ ഗാന്ധി സർവകലാശാലയിൽ സംഘടിപ്പിച്ച ദ്വിദിന ദേശീയ കോൺഫറൻസ് പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ ഉദ്ഘാടനം ചെയ്യുന്നു**

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ

# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702

2020 ഫെബ്രുവരി 10

# വാർത്താക്കുറിപ്പ്

## സെനറ്റ് തെരഞ്ഞെടുപ്പ് മാർച്ച് 10ന്

മഹാത്മാ ഗാന്ധി സർവകലാശാല മാർച്ച് ഒൻപതിന് നടത്താൻ നിശ്ചയിച്ചിരുന്ന സെനറ്റ് തെരഞ്ഞെടുപ്പ് മാർച്ച് 10ലേക്ക് മാറ്റിവച്ചു. തെരഞ്ഞെടുപ്പ് സമയക്രമ പട്ടികയിലെ മറ്റു തീയതികളിൽ മാറ്റമില്ല.

(പി.ആർ.ഒ/39/202/2020)

## എം.ഫിൽ കമ്പ്യൂട്ടർ സയൻസ്; പ്രവേശന പരീക്ഷയും അഭിമുഖവും 17ന്

മഹാത്മാ ഗാന്ധി സർവകലാശാല സ്‌കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസിൽ എം.ഫിൽ കമ്പ്യൂട്ടർ സയൻസ് പ്രവേശനത്തിന് അപേക്ഷിച്ചവർക്കുള്ള പ്രവേശനപരീക്ഷയും അഭിമുഖവും ഫെബ്രുവരി 17ന് നടക്കും. രാവിലെ 10ന് സ്‌കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസിലാണ് പരീക്ഷ. അപേക്ഷകർ ഹാൾടിക്കറ്റിനൊപ്പം അസൽ സർട്ടിഫിക്കറ്റുകൾ, മാർക്ക് ലിസ്റ്റുകൾ ഹാജരാക്കണം. വിശദവിവരത്തിന് ഫോൺ: 0481-2731037.

(പി.ആർ.ഒ/39/203/2020)

## സ്‌കൂൾ വിദ്യാർഥികൾക്കായി ജില്ലാതല ക്വിസ് മത്സരം

മഹാത്മാ ഗാന്ധിയുടെ 150-ാം ജന്മവാർഷികാഘോഷവുമായി ബന്ധപ്പെട്ട് മഹാത്മാ ഗാന്ധി സർവകലാശാല സെന്റർ ഫോർ യോഗ ആന്റ് നാച്ചുറോപ്പതിയും ആനിക്കാട് ഗവൺമെന്റ് യു.പി. സ്‌കൂളും സംയുക്തമായി സ്‌കൂൾ വിദ്യാർഥികൾക്കായി ജില്ലാതല ക്വിസ് മത്സരം നടത്തുന്നു. ' മഹാത്മാ ഗാന്ധിയുടെ ജീവിതവും നേട്ടങ്ങളും' എന്ന വിഷയത്തിലാണ് മത്സരം. ഫെബ്രുവരി 15ന് രാവിലെ 10ന് പള്ളിക്കത്തോട് ആനിക്കാട് ഗവൺമെന്റ് യു.പി. സ്‌കൂളിൽ നടക്കുന്ന മത്സരത്തിൽ കോട്ടയം ജില്ലയിലെ ഹൈസ്‌കൂൾ, യു.പി. വിഭാഗം വിദ്യാർഥികൾക്ക് പങ്കെടുക്കാം. ഒരു സ്‌കൂളിൽ നിന്ന് രണ്ടുപേർക്കാണ് അവസരം. സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രം സഹിതം എത്തണം. വിജയികൾക്ക് ക്യാഷ് അവാർഡും പ്രശസ്തിപത്രവും ലഭിക്കും. പങ്കെടുക്കാൻ താല്പര്യമുള്ളവർ cyn.mgu@gmail.com എന്ന ഇമെയിൽ വിലാസത്തിൽ പേര് വിവരങ്ങൾ ഫെബ്രുവരി 13നകം നൽകണം. വിശദവിവരത്തിന് ഫോൺ: 9847527483, 9562005479.

(പി.ആർ.ഒ/39/204/2020)

## പരീക്ഷ ഫലം

2019 നവംബറിൽ സ്‌കൂൾ ഓഫ് കെമിക്കൽ സയൻസസിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എസ്‌സി. കെമിസ്ട്രി (ഇനോർഗാനിക്, ഓർഗാനിക്, ഫിസിക്കൽ, പോളിമർ - റെഗുലർ ആന്റ് സപ്ലിമെന്ററി - സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/205/2020)

## രസതന്ത്രത്തിലെ നവമുന്നേറ്റങ്ങൾ; ദ്വിദിന ദേശീയ കോൺഫറൻസ് സമാപിച്ചു

രസതന്ത്രത്തിലെ നവമുന്നേറ്റങ്ങളെക്കുറിച്ചുള്ള ദ്വിദിന ദേശീയ കോൺഫറൻസ് സമാപിച്ചു മഹാത്മാ ഗാന്ധി സർവകലാശാല സ്‌കൂൾ ഓഫ് കെമിക്കൽ സയൻസസ് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ ഉദ്ഘാടനം നിർവഹിച്ചു. സ്‌കൂൾ ഓഫ് കെമിക്കൽ സയൻസസ് ഡയറക്ടർ പ്രൊഫ. ബീന മാത്യു അധ്യക്ഷത വഹിച്ചു. സിൻഡിക്കേറ്റംഗം

എസ്. അനസ്, ഡോ. കെ.ബി. സുബില എന്നിവർ പ്രസംഗിച്ചു. സി.എസ്.ഐ.ആർ. ദേശീയ കെമിക്കൽ ലബോറട്ടറിയിലെ ഡോ. വിനോദ് സി. പ്രഭാകരൻ, മദ്രാസ് ഐ.ഐ.ടി.യിലെ ഡോ. കെ.എം. മുരളീധരൻ, ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആന്റ് ടെക്നോളജിയിലെ ഡോ. റോയ് ജോസഫ്, ബംഗളൂരു ജവഹർലാൽ നെഹ്റു സെന്റർ ഫോർ അഡ്വാൻസ്ഡ് സയന്റിഫിക് റിസർച്ചിലെ ഡോ. സുബി ജേക്കബ് ജോർജ്, ഐ.എസ്.ആർ.ഒ.യിലെ ഡോ. ബെന്നി കെ. ജോർജ്, കോഴിക്കോട് എൻ.ഐ.ടി.യിലെ ഡോ. എൻ. സന്ധ്യ റാണി, ഡോ. വിപിൻ ഐപ് തോമസ് എന്നിവർ വിവിധ വിഷയങ്ങളിൽ പ്രബന്ധമവതരിപ്പിച്ചു. കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ ഡി.എസ്.ടി. - പഴ്സ് ഫേസ് 2 സഹകരണത്തോടെ സ്കൂൾ ഓഫ് കെമിക്കൽ സയൻസസാണ് ദേശീയ കോൺഫറൻസ് സംഘടിപ്പിച്ചത്.

## ഫോട്ടോ ക്യാപ്ഷൻ

**രസതന്ത്രത്തിലെ നവമുന്നേറ്റങ്ങളെക്കുറിച്ച് സ്കൂൾ ഓഫ് കെമിക്കൽ സയൻസ് മഹാത്മാ ഗാന്ധി സർവകലാശാലയിൽ സംഘടിപ്പിച്ച ദ്വിദിന ദേശീയ കോൺഫറൻസ് പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ ഉദ്ഘാടനം ചെയ്യുന്നു**

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ